WEDNESDAY 04/09/2024 ബുധനാഴ്ച്ച



# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ


## FARM INFORMATION BUREAU

**Agriculture Development and Farmer's Welfare Department**

GOVERNMENT OF KERALA

**Chief Editor: Nizam S A** **Editor: Dr. Binu Harriet Ivan**



**Farm Information Bureau, Kowdiar, Thiruvananthapuram -695003**

**Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com**

**Telephone : 0471 - 2318186,2317314**

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 4/09/2024

1. കൃഷിക്കൊപ്പം കളമശ്ശേരി പദ്ധതിയുടെ ഭാഗമായ കാർഷികോത്സവത്തിൻ്റെ രണ്ടാം പതിപ്പ് കളമശ്ശേരി പ്രീമിയർ ജംഗ്ഷനിലെ ചാക്കോളാസ് പവലിയനിലെ വേദിയിൽ സെപ്തംബർ 7 മുതൽ 13 വരെ സംഘടിപ്പിക്കുന്നു. കളമശ്ശേരിയിലെ വിവിധ പ്രദേശങ്ങളിൽ കൃഷി ചെയ്യുന്ന വ്യത്യസ്ത ഇനം വിളകളെ അടിസ്ഥാനമാക്കിയുള്ള 20 കാർഷിക സംഗമങ്ങളും സെമിനാറുകളുമാണ് സംഘടിപ്പിക്കുന്നത്. കൃഷി, വ്യവസായം, ടൂറിസം, സഹകരണം തുടങ്ങി വിവിധ വകുപ്പുകളുടെ കീഴിലുള്ള സ്ഥാപനങ്ങളുടേയും സ്വകാര്യ സ്ഥാപനങ്ങളുടേയും സ്റ്റാളുകൾ മേളയിലുണ്ടാകും. സഹകരണ ബാങ്കുകളുടെ സ്റ്റോളുകളും മേളയിൽ പങ്കെടുക്കും.

2. കണ്ണൂർ ജില്ലയിലെ സ്വകാര്യ ഭൂമിയിൽ വൃക്ഷത്തൈകൾ നട്ടുവളർത്തുന്നതിനുള്ള പ്രോത്സാഹന ധനസഹായം ലഭിക്കുന്നതിനുള്ള അപേക്ഷകൾ കൈവശാവകാശ രേഖ സഹിതം സെപ്റ്റംബർ 30 നകം കണ്ണൂർ കണ്ണോത്തുംചാൽ സോഷ്യൽ ഫോറസ്ട്രി ഡിവിഷൻ ഓഫീസിൽ സമർപ്പിക്കണമെന്ന് അസി. ഫോറസ്റ്റ് കൺസർവേറ്റർ അറിയിച്ചു. നിശ്ചിത മാതൃകയിലുള്ള അപേക്ഷാഫോറം വനം വകുപ്പ് വെബ്സൈറ്റിൽ നിന്നോ സോഷ്യൽ ഫോറസ്ട്രി ഡിവിഷൻ ഓഫീസിൽ നിന്നോ ലഭിക്കും. കൂടുതൽ വിവരങ്ങൾക്ക് www.forest.kerala.gov.in എന്ന വെബ്സൈറ്റ് സന്ദർശിക്കുക.

### പരിശീലന പരിപാടി

3. കേരള കാർഷിക സർവകലാശാലയുടെ കീഴിൽ കുമരകത്തു പ്രവർത്തിക്കുന്ന കോട്ടയം ജില്ല കൃഷി വിജ്ഞാന കേന്ദ്രം പട്ടികജാതി, പട്ടികവർഗ (SC & ST) വിഭാഗത്തിൽ ഉൾപ്പെടുന്നവർക്ക് മാത്രമായി 'കാർഷിക വിളകളുടെ സംസ്ക്കരണവും മൂല്യ വർദ്ധനവും'

എന്ന വിഷയത്തിൽ മൂന്ന് ദിവസത്തെ പ്രായോഗിക പരിശീലന പരിപാടി നടത്തുന്നു. സെപ്റ്റംബർ 5,6,7 തീയതികളിൽ (05.09.2024 മുതൽ 07.09.2024 വരെ, സമയം : 10 AM 4 PM) കുമരകം കെ വി കെ യിൽ വച്ച് നടക്കുന്ന സൗജന്യ പരിശീലന പരിപാടിയിൽ പങ്കെടുക്കാൻ താല്പര്യമുള്ളവർ 9947208746/6238092782 എന്നീ ഫോൺ നമ്പറിൽ വിളിച്ച് രജിസ്റ്റർ ചെയ്യേണ്ടതാണ്.

4. കേരള കാർഷിക സർവകലാശാലയുടെ കീഴിലുള്ള തൃശ്ശൂർ കൃഷി വിജ്ഞാന കേന്ദ്രത്തിൽ **'പഴം പച്ചക്കറി സംസ്കരണത്തിലെ സംരംഭക സാധ്യത'** എന്ന വിഷയത്തിൽ 2024 സെപ്റ്റംബർ 4 മുതൽ 6 വരെ ത്രിദിന പരിശീലന പരിപാടി നടത്തുന്നു. പരിശീലന ഫീസ് 500 രൂപ. താല്പര്യമുള്ളവർ 9400483754 എന്ന ഫോൺ നമ്പറിൽ രാവിലെ 10 മണി മുതൽ നാലുമണി വരെ രജിസ്റ്റർ ചെയ്യാവുന്നതാണ്.

5. വെള്ളാനിക്കര: ഡാറ്റാ വിഷകലനത്തിന്റെ അടിസ്ഥാന തത്ത്വങ്ങൾ "R" സോഫ്റ്റ്‌വെയറിൽ എന്ന വിഷയത്തിൽ അഞ്ചു ദിവസത്തെ ഓൺലൈൻ പരിശീലനം സംഘടിപ്പിക്കുന്നു. കേരള കാർഷിക സർവ്വകലാശാലയുടെ കീഴിലുള്ള ഇ പഠന കേന്ദ്രമാണ് പരിശീലനം സംഘടിപ്പിക്കുന്നത്. "R" സോഫ്റ്റ്‌വെയറിന്റെ വിശദമായ ഉപയോഗം, ഡാറ്റാ വിശകലന രീതികൾ എന്നീ വിഷയങ്ങളിലാണ് പരിശീലനം സംഘടിപ്പിക്കുന്നത്. സെപ്റ്റംബർ മാസം 9 മുതൽ 13 വരെയാണ് പരിശീലനം. ഉച്ചയ്ക്ക് 2 മണി മുതൽ 5 മണി വരെ ഓൺലൈനായി പങ്കെടുക്കാം. പരിശീലനം പൂർത്തിയാക്കുന്നവർക്കു സർട്ടിഫിക്കറ്റ് ലഭിക്കും. 1000 രൂപയാണ് പരിശീലന ഫീസ്. പങ്കെടുക്കുവാൻ ആഗ്രഹിക്കുന്നവർക്ക് https://forms.gle/TB2VThsj59eFJiEj8 എന്ന ലിങ്ക് ഉപയോഗിച്ച് പേര് രജിസ്റ്റർ

ചെയ്യാവുന്നതാണ്. കൂടുതൽ വിവരങ്ങള്ക്ക് +91 8547837256 എന്ന നമ്പറിലും celkau@gmail.com എന്ന ഇമെയിൽ വിലാസത്തിലും ബന്ധപ്പെടാവുന്നതാണ്

6. ക്ഷീരവികസന വകുപ്പിൻ്റെ കീഴിലുള്ള ഓച്ചിറ ക്ഷീരോത്പന്ന നിർമ്മാണ പരിശീലന വികസന കേന്ദ്രത്തിൽ വച്ച് 2024 സെപ്റ്റംബർ 11, 12 തീയതികളിൽ 2 ദിവസത്തെ 'സുരക്ഷിതമായ പാൽ ഉല്പാദനം' എന്ന വിഷയത്തിൽ പരിശീലന പരിപാടി സംഘടിപ്പിച്ചിരിക്കുന്നു. താൽപ്പര്യമുള്ള ക്ഷീരകർഷകർ ഓച്ചിറ ക്ഷീരപരിശീലന കേന്ദ്രം മുഖേന നേരിട്ടോ ആലപ്പുഴ, കൊല്ലം ഡെപ്യൂട്ടി ഡയറക്ടർമാർ മുഖാന്തിരമോ, അതാത് ബ്ലോക്ക് ക്ഷീരവികസന ഓഫീസർമാർ മുഖാന്തിരമോ രജിസ്റ്റർ ചെയ്യാവുന്നതാണ്. കഴിഞ്ഞ 3 വർഷങ്ങളിലെപ്പോഴെങ്കിലും ഇതേ പരിശീലനത്തിൽ ഓഫ് ലൈൻ ആയി പങ്കെടുത്തിട്ടുള്ളവർക്ക് ഈ പരിശീലനത്തിൽ പങ്കെടുക്കാൻ അർഹത ഉണ്ടായിരിക്കുന്നതല്ല. പരിശീലനാർത്ഥികൾ 2024 സെപ്റ്റംബർ 9ന് വൈകുന്നരം 5 മണിക്ക് മുമ്പായി താഴെ കാണിച്ചിരിക്കുന്ന ഫോൺ നമ്പരുകളിൽ ബന്ധപ്പെട്ട് പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്. പരിശീലനത്തിൽ പങ്കെടുക്കുന്നവർ ബാങ്ക് പാസ്സ് ബുക്കിൻ്റെ പകർപ്പും ഏതെങ്കിലും തിരിച്ചറിയൽ രേഖയുടെ പകർപ്പും പരിശീലനത്തിനെത്തുമ്പോൾ ഹാജരാക്കേണ്ടതാണ്. രജിസ്ട്രേഷൻ ഫീസ് 20/ രൂപ. പകർപ്പും കൂടുതൽ വിവരങ്ങൾക്ക് ഫോൺ നമ്പർ. 8089391209, 0476 – 2698550

7. റബ്ബർവിപണനത്തിനും റബ്ബറുത്പന്നനിർമാണത്തിനും റബ്ബർബോർഡ് നൽകുന്ന വിവിധതരം ലൈസൻസുകളെക്കുറിച്ചും അതിനായുള്ള നടപടിക്രമങ്ങളെക്കുറിച്ചും അറിയാൻ ഇന്ന് (04 സെപ്റ്റംബർ 2024 ബുധനാഴ്ച) രാവിലെ പത്തുമണി മുതൽ ഉച്ചയ്ക്ക്

ഒരുമണി വരെ റബ്ബർബോർഡിലെ ലൈസൻസിങ് വിഭാഗം ഡെപ്യൂട്ടി ഡയറക്ടർ വർഗീസ് പി.എ. മറുപടി പറയും. കോൾസെന്റർ ഫോൺ നമ്പർ 0481 2576622.

8. ക്ഷീര വികസന വകുപ്പ് വലിയതുറ സ്റ്റേറ്റ് ഫോഡർ ഫാമിൽ ക്ഷീരകർഷകർക്കായി 2024 സെപ്തംബർ 05, 06 തീയതികളിൽ സമഗ്ര പരിശീലനം നൽകുന്നു. പങ്കെടുക്കാൻ താൽപ്പര്യമുള്ളവർ 9388834424/9446453247 എന്നീ നമ്പരിലേക്ക് വാട്സാപ്പ് ചെയ്യുകയോ പ്രവർത്തി ദിവസങ്ങളിൽ വിളിക്കുകയോ ചെയ്യുക. രജിസ്ട്രഷേൻ ഫീസ് 20 രൂപ. ആധാർ, ബാങ്ക് പാസ്ബുക്ക് എന്നിവയുടെ പകർപ്പുകൾ കൊണ്ടുവരേണ്ടതാണ്.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം